“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/134/2025-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **22-06-2026**

പുനർ ലേല/ദർഘാസ് പരസ്യം നമ്പർ 2/2025-26

കോഴിക്കോട് കിർടാഡ്സ് വകുപ്പ് ക്യാമ്പസിൽ നിൽപ്പ് അവസ്ഥയിലും മുറിച്ചിട്ട അവസ്ഥയിലും ഉള്ള താഴെ പറയുന്ന മരങ്ങൾ അതേ നിലയിൽതന്നെ **2026** ജൂലൈ **07** ന് പകൽ **11.00** മണിക്ക് മേൽ പറഞ്ഞ ആഫീസിൽവെച്ച് പരസ്യമായി ലേലം/ദർഘാസ് വഴി വിൽപ്പന നടത്തുന്നതാണ്.

മരങ്ങൾ വിവരങ്ങൾ

ക്രമ നമ്പർ	ഇനം	നീളം (CM) X വണ്ണം (CM)	തടിയുടെ വ്യാപ്തം M3	വിറകിന്റെ അളവ് MT
1.	തേക്ക് A	170	1.305	0.481
2.	തേക്ക് B	155	0.976	0.403
3.	ഉപ്പുത്തി വട്ട A	144	1.061	0.352
4.	ഉപ്പുത്തി വട്ട B	150	1.061	0.352
5.	ഉപ്പുത്തി വട്ട C	135	0.800	0.309
6.	ഉപ്പുത്തി വട്ട D	75	0.010	-
7.	പീനാറി	134	0.800	0.309
8.	പാറകം	115	0.552	0.222
9.	പന A	1	-	-
10.	പന B	1	-	-
11.	പൂവാക	165	1.062	0.545
12.	മാവ് A	181	1.889	0.735
13.	മാവ് B	150	1.061	0.352

14.	മഹാഗണി ശിഖരങ്ങൾ	-	-	-

മേൽ പട്ടികയിലെ മരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ **10.30** മണി മുതൽ വൈകുന്നേരം **4.00** മണി വരെ കോഴിക്കോട് കിർടാഡ്സ് ക്യാമ്പസിൽ വന്ന് പരിശോധിക്കാവുന്നതാണ്.

ലേല തീയതി	**07/07/2026 - 11.00 AM**
ദർഘാസ് ഫോറങ്ങൾ കിർടാഡ്സ് ഓഫീസീൽനിന്നും ലഭിക്കുന്ന അവസാന തീയതി	**04/07/2026 - 4.00 PM**
ദർഘാസ് ഫോറങ്ങൾ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്ന തീയതി	**06/07/2026 - 4.00 PM**
ദർഘാസ് തുറക്കുന്ന തീയതി	**07/07/2026** ന് ലേലം അവസാനിച്ചതിനുശേഷം
ദർഘാസ് ഫോറത്തിനുള്ള വില	**500.00** രൂപ + ജി.എസ്.ടി
നിരതദ്രവ്യം	**4,700/-** രൂപ

- ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം നടത്തുന്നതിന് ഒരു മണിക്കൂർ മുൻപായി **4,700/-** രൂപ (നാലായിരത്തി എഴുനൂറ് രൂപ മാത്രം) നിരതദ്രവ്യമായി ലേല സമയത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്.
- ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം അടക്കുന്ന സമയത്ത് അവരുടെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയിൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
- ദർഘാസ് അയക്കുന്നതിനോടൊപ്പം നിരതദ്രവ്യമായി **4,700/-** രൂപ (നാലായിരത്തി എഴുനൂറ് രൂപ മാത്രം) "ഡയറക്ടർ, കിർടാഡ്സ് " എന്ന പേരിലുള്ള ഡിമാൻറ് ഡ്രാഫ്റ്റ് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ഡിമാൻറ് ഡ്രാഫ്റ്റ് ഇല്ലാത്ത ദർഘാസുകൾ പരിഗണിക്കുന്നതല്ല.
- ദർഘാസ് സമർപ്പിക്കുന്നതിനോടൊപ്പം അവരുടെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
- ദർഘാസുകൾ അയക്കുന്ന കവറിനു മുകളിൽ ഇടതുവശത്തായി "കിർടാഡ്സ് ക്യാമ്പസിലെ മരങ്ങൾക്കുള്ള ദർഘാസ്" എന്ന് എഴുതിയിരിക്കണം.

- ലഭിച്ച ദർഘാസ് ലേലംവിളി അവസാനിച്ചാലുടൻ തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടേയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്.
- പ്രസ്തുത വ്യക്തി ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കിഴിച്ച് ലേല സ്ഥലത്തുവെച്ചുതന്നെ അടക്കേണ്ടതും, ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവുകിട്ടി **10** ദിവസത്തിനുള്ളിൽ അടച്ച് മരങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.
- ലേലത്തുകയുടെ **18%** ജി.എസ്.ടി, **5%** വന വികസന നികുതി എന്നിവ ലേലം/ദർഘാസ് ഉറപ്പിച്ചയാൾ അടക്കേണ്ടതാണ്.
- ലേലം ദിവസം പൊതു അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ **11.00** മണിക്കുതന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.
- ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ ലേലം/ദർഘാസം ചെയ്ത മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമൂലം സർക്കാറിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലം/ദർഘാസ് കൊണ്ടയാളിൽനിന്നും ഈടാക്കുന്നതും ടിയാൾ അടച്ച നിരതദ്രവ്യം സർക്കാറിലേക്ക് കണ്ടുകെട്ടുന്നതാണ്.
- അഥവാ പുനർലേലത്തിൽ ലാഭമുണ്ടാവുകയാണെങ്കിൽ ടിയാന് ആയതിൽ യാതൊരുവിധത്തിലുള്ള അവകാശവും ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കില്ല.
- ലേലം കഴിഞ്ഞാലുടൻ ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
- ലേല/ദർഘാസിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്.
- ലേല/ദർഘാസ് സംബന്ധമായ മറ്റുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.
- യാതൊരു കാരണവും കൂടാതെ ലേലം/ദർഘാസ് നടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുള്ള പൂർണ്ണ അധികാരം കിർടാഡ്സ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

ബഹു. കേരള ഗവർണ്ണർക്കുവേണ്ടി,

Digitally signed by
BINDU S
Date: 23-06-2026
13:39:48

ഡയറക്ടർ

1. നോട്ടീസ് ബോർഡ്

2. കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്).

3. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)

4. വില്ലേജ് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)

5. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6.ആഫീസ് പകർപ്പ്

7.കരുതൽ ഫയൽ